ഉത്തരം

(എ) ഉണ്ട്.

(ബി) അതെ.

(സി) ഇലക്ഷനോട് ബന്ധപ്പെട്ട "ഡ്രൈഡേ" തുടങ്ങിയ എൻഫോഴ്സ്മെന്റ് ചുമതലകൾ കാര്യക്ഷമമായി നിറവേറ്റുന്നതിനാണ് ഒഴിഞ്ഞുകിടന്നിരുന്ന പോസ്റ്റുകളിലേക്ക് ചട്ടങ്ങൾക്കനുസൃതമായും പൊതുതാൽപ്പര്യം കണക്കിലെടുത്തും സ്ഥലംമാറ്റം നടത്തിയിട്ടുള്ളത്.

കിസ്തു കുടിശ്ശിക

80 (414) ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിസ്തു കുടിശ്ശിക സംബന്ധിച്ച് ഹൈക്കോടതിയിലും മറ്റ് ഓരോ കോടതിയിലും എത്ര കേസ്സുകൾ വീതം കെട്ടിക്കിടപ്പുണ്ടെന്ന് പ്രത്യേകം പ്രത്യേകം അറിയിക്കുമോ;

(ബി) ഈ കേസ്സുകളിൽ ഓരോന്നിലും ഉൾക്കൊള്ളുന്ന തുക എത്രയാണ്;

(സി) ഇതിന്റെ പലിശയും പിഴപ്പലിശയും എത്രവീതമാണ്;

(ഡി) ഈ കേസ്സുകളിൽ ഓരോരുത്തരും കൊടുക്കാനുള്ള കുടിശ്ശികയും പലിശയും പിഴപ്പലിശയും എത്രവീതമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ തുകയിൽ നിന്ന് എത്രവീതം 2000 ഒക്ടോബറിൽ എഴുതിതള്ളുകയുണ്ടായി;

(എഫ്) ആരുടെ ആവശ്യപ്രകാരമാണ് ഈ തുക എഴുതിത്തള്ളിയത്;

(ജി) ഈ തുക എഴുതിത്തള്ളണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ലഭിച്ച അപേക്ഷയുടെയും തുക എഴുതിത്തള്ളിയ ഉത്തരവിന്റെയും കോപ്പി ലഭ്യമാക്കാമോ;

(എച്ച്) ഈ തുക എഴുതിത്തള്ളിയതുകൊണ്ട് ഗവൺമെന്റിനുണ്ടായ ഗുണങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ഐ) ഈ തുക എഴുതിത്തള്ളിയത് പൊതുതാൽപ്പര്യത്തിന് എത്രമാത്രം അനുഗുണമായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഐ) വിവരം ശേഖരിച്ചുവരുന്നു.

വനങ്ങളുടെ വികസനം

81 (416) ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളുടെ വികസനത്തിനും വനവിഭവങ്ങളുടെ സംരക്ഷണത്തിനുമായി ഈ സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനവിസ്തൃതിയിൽ വർദ്ധനവാണോ കുറവാണോ ഉണ്ടായിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ വനങ്ങളുടെ വികസനത്തിനും സംരക്ഷണത്തിനുമായി വിവിധ പദ്ധതികൾക്ക് രൂപം കൊടുത്തു നടപ്പാക്കിവരുന്നുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്.

1. ലോകബാങ്ക് സഹായത്തോടെയുള്ള കേരള ഫോറസ്ട്രി പ്രോജക്ട്.

2. 100% കേന്ദ്ര സഹായത്തോടെ ഇടുക്കി ജില്ലയിൽ ഔഷധത്തോട്ടം കൃഷി ചെയ്യാനുള്ള പദ്ധതി.

3. 100% കേന്ദ്ര സഹായത്തോടെ മുളയും ചൂരലും വച്ചു പിടിപ്പിക്കാനുള്ള പദ്ധതി (കേരള വനവികസന കോർപ്പറേഷൻ മുഖാന്തിരം നടപ്പാക്കുന്നത്.)

(സി) കേന്ദ്ര സർക്കാരിന്റെ ഫോറസ്റ്റ് സർവേ ഓഫ് ഇൻഡ്യ പ്രസിദ്ധീകരിച്ച 1999 സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടു പ്രകാരം കേരളത്തിന്റെ വനാവരണം 1997-ൽനിന്നും 11 ചതുരശ്ര കിലോമീറ്റർ കുറഞ്ഞതായാണ് കണക്ക്.

പേര്യ വനത്തിലെ മരംമുറി

82 (417) ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പേര്യ വനത്തിലെ മരം മുറിയ്ക്കൽ സംബന്ധിച്ച കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ;

(ബി) ഈ സംഭവം നടക്കുന്നതിനുമുമ്പായി ഈ ഭാഗത്തേയ്ക്ക് പുതുതായി റോഡ് നിർമ്മിക്കുകയുണ്ടായോ;

(സി) എങ്കിൽ അതിന് അനുമതി നൽകിയത് ആരാണ്; ഇതിന്റെ ചെലവ് സഹിച്ചത് ഏതു വകുപ്പിലാണെന്നും എത്ര രൂപ ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(ഡി) മരം മുറിയ്ക്കൽ സംഭവം നടക്കുമ്പോൾ ഡി.എഫ്.ഒ.ആരായിരുന്നു. അന്നത്തെ ഡി.എഫ്.ഒ. മരംമുറി തടഞ്ഞുകൊണ്ട് നിർദ്ദേശം നൽകിയിരുന്നുവോ എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഡി.എഫ്.ഒ.യെ ഇതുമായി ബന്ധപ്പെട്ട് സസ്പെന്റ് ചെയ്തിരുന്നോയെന്നും എങ്കിൽ ഡി.എഫ്.ഒ.യുടെ പേരിൽ ആരോപിക്കപ്പെട്ട കുറ്റം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ;

(എഫ്) അനധികൃത മരംമുറിയ്ക്കൽ സംഭവത്തിനുത്തരവാദി ചീഫ് കൺസർവേറ്റർ (പ്രൊട്ടക്ഷൻ) ആണെന്ന് റവന്യൂ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly